പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 323 08.06.2015-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. പെൻഷൻ ലഭിക്കാതെ ആത്മഹത്യ ചെയ്ത കുടുംബങ്ങൾക്ക് ധനസഹായം

ചോദ്യം

ശ്രീ. കെ.വി. വിജയദാസ് :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി. യിൽ നിന്നും പെൻഷൻ യഥാസമയം ലഭിക്കാതെ വന്നിട്ടുള്ള സാഹചര്യം മൂലം എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്; അപ്രകാരം മരണ മടഞ്ഞവരുടെ കുടുംബങ്ങൾക്ക് എന്തെങ്കിലും സഹായങ്ങൾ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) | പെൻഷൻ വിതരണത്തിലെ കാലതാമസം മൂലം ഇത്തരം സംഭവങ്ങളുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പെൻഷൻ മുടങ്ങാതെ നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ വിതരണത്തിനായി ഏപ്രിൽ 1 മുതൽ പെൻഷൻ ഫണ്ട് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് പ്രകാരം കോർപ്പറേഷൻ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് ആനുപാതികമായി, പ്രതിവർഷം പരമാവധി 240 കോടി രൂപ നോൺ പ്ലാൻ വിഹിതമായി സർക്കാർ കോർപ്പറേഷന് അനുവദിക്കുന്നതാണ്. ഇത്തരത്തിൽ 2015 ഏപ്രിൽ മാസം കെ.എസ്.ആർ.ടി.സി ട്രഷറിയിൽ നിക്ഷേപിച്ച 14.40 കോടി രൂപയ്ക്ക് ആനുപാതികമായ സർക്കാർ വിഹിതവും ചേർത്ത് 28.80 കോടി രൂപ ഇതിനകം കോർപ്പറേഷന് അനുവദിച്ചു നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രകാരം കോർപ്പറേഷനിൽ പെൻഷൻ ഫണ്ട് |

| | | | |
|---|---|---|---|
| | | | രൂപീകരിക്കുന്ന സാഹചര്യത്തിൽ പെൻഷൻ കാലതാമസം കൂടാതെ വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജൂൺ മാസത്തിൽ പെൻഷൻ ഫണ്ടിലേക്ക് 20 കോടി രൂപ കെ.എസ്.ആർ.ടി.സി ട്രഷറി അക്കൗണ്ടിൽ അടച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ